**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1542** **19-01-2021 - ൽ മറുപടിയ്ക്ക്**

**കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി .കെ .ശശീന്ദ്രൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് വൈത്തിരി താലൂക്കിൽ നിന്നും കാർഷിക കടാശ്വാസ കമ്മീഷന്റെ ആനുകൂല്യത്തിനായി എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചു; ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കി; എത്ര അപേക്ഷകൾ നിരസിച്ചു; ഇനി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നു തീർപ്പാക്കാനാവും; വിശദമാക്കാമോ; | (എ) | ജില്ലാ അടിസ്ഥാനത്തിലാണ് കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ നടത്തുന്നത്. താലൂക്ക് അടിസ്ഥാനത്തിൽ കണക്കുകൾ സൂക്ഷിക്കുന്നില്ല. വയനാട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് 6513 അപേക്ഷകൾ ലഭിച്ചതിൽ 1974 എണ്ണം തീർപ്പാക്കുകയും 354 അപേക്ഷകൾ നിരസിക്കുകയും ചെയ്തു. 4185 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. കോവിഡ് മഹാമാരി മൂലം 2020 ഏപ്രിൽ മുതൽ നിർത്തിവച്ചിരുന്ന സിറ്റിംഗ് 2021 ജനുവരി മുതൽ പുനരാരംഭിച്ചിട്ടുണ്ട്. അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത താലൂക്കിൽ കാർഷിക കടാശ്വാസ കമ്മീഷൻ എത്ര രൂപയുടെ ആനുകൂല്യങ്ങൾ അനുവദിച്ചു; വർഷം തിരിച്ച് കണക്കുകൾ നൽകാമോ; | (ബി) | വയനാട് ജില്ല സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. വർഷം തുക 2016-17 25413058 2017-18 22496707 2018-19 41956144 2019-20 223539341 |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാർഷിക കടാശ്വാസ കമ്മീഷൻ ടി താലൂക്കിൽ എത്ര രൂപയുടെ ആനുകൂല്യം അനുവദിച്ചു; | (സി) | വയനാട് ജില്ലയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 23,10,64,136/- രൂപ (ഇരുപത്തിമൂന്ന് കോടി പത്ത് ലക്ഷത്തി അറുപത്തിനാലായിരത്തി നൂറ്റിമുപ്പത്തിയാറ് രൂപ) കടാശ്വാസം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | കടാശ്വാസ കമ്മീഷന്റെ ആനുകൂല്യങ്ങൾക്ക് അർഹരായ കർഷകർ അവരുടെ വിഹിതം ബാങ്കിൽ അടച്ചാലും പണയം വെച്ച പ്രമാണങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | 2012-ലെ സർക്കാർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാരുടെ സർക്കുലർ പ്രകാരവും കർഷക വിഹിതം അടച്ചുകഴിഞ്ഞാൽ ഉടൻ തന്നെ ഈട് പ്രമാണങ്ങൾ കർഷകർക്ക് തിരികെ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കടാശ്വാസം കമ്മീഷൻ ഉത്തരവുകളിൽ ഇതു സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

ഈ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച  ആനുകൂല്യങ്ങൾ  സംബന്ധിച്ച വിശദാംശം

| **വർഷം** | **തുക** |
|---|---|
| 2016-17 | 25413058 |
| 2017-18 | 22496707 |
| 2018-19 | 41956144 |
| 2019-20 | 223539341 |